**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **05-02-2026 - ൽ മറുപടിയ്ക്ക്**

**വിജ്ഞാന കേരളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വിജ്ഞാന കേരളം പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (എ) | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ ലഭ്യമാക്കാനും, നവലോകത്തിന് അനുസൃതമായ തൊഴിലുകൾക്ക് വേണ്ടി അവരെ പ്രാപ്തരാക്കുന്നതിന് നൈപുണ്യപരിശീലനം നൽകുന്നതടക്കമുള്ള നൂതന പരിപാടിയായി, പൊതുജന പങ്കാളിത്തത്തോടെയും സന്നദ്ധ പ്രവർത്തനത്തിലൂടെയും ജനകീയാസൂത്രണ മാതൃകയിൽ സംസ്ഥാന സർക്കാരിന്റെ മുന്നൊരുക്കത്തിൽ നടത്തുന്ന പരിപാടിയാണ് വിജ്ഞാനകേരളം. പൊതുവിദ്യാഭ്യാസ സംവിധാനവുമായി ഏകോപിപ്പിച്ച് നൈപുണ്യവൽകരണ പരിപാടി സംഘടിപ്പിക്കുക; വ്യവസായങ്ങളുമായി കൈകോർത്ത് തൊഴിലവസരങ്ങൾ ലഭ്യമാക്കുന്നത് വിപുലമാക്കി നൈപുണ്യ പരിശീലന പരിപാടികൾ നടത്തുക എന്നിങ്ങനെയാണ് വിജ്ഞാനകേരളം പദ്ധതിയുടെ ലക്ഷ്യങ്ങൾ. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് വിജ്ഞാന കേരളം ജനകീയ ക്യാമ്പയിൻ നടപ്പാക്കുന്നത്. |
| (ബി) | ഈ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് രൂപപ്പെടുത്തിയിട്ടുള്ളത്; | (ബി) | തൊഴിൽമേളകളിലൂടെ തൊഴിൽ നൽകൽ, നൈപുണ്യ പരിശീലനത്തിലൂടെ യുവജനങ്ങളെ തൊഴിൽ സജ്ജരാക്കൽ, ഹൈപ്പർ ലോക്കൽ തൊഴിലുകൾ കണ്ടെത്തി വനിതകൾക്ക് ജോലി നൽകൽ, സുതാര്യമായ വഴികളിലൂടെ വിദേശ ജോലികളുമായി യുവജനങ്ങളെ ബന്ധിപ്പിക്കൽ എന്നിങ്ങനെ നാല് ട്രാക്കുകളിലായാണ് വിജ്ഞാനകേരളം പ്രവർത്തനങ്ങൾ പുരോഗമിക്കുന്നത്. |
| (സി) | പ്രസ്തുത പദ്ധതിയിലൂടെ സംസ്ഥാനത്തിനകത്തും പുറത്തും വിദേശ രാജ്യങ്ങളിലും വിവിധ തസ്തികകളിലായി എത്ര തൊഴിലവസരങ്ങൾ | (സി) | ഐ.ടി (ഇൻഫർമേഷൻ ടെക്നോളജി), ഐ.ടി.ഇ.എസ് (ഇൻഫർമേഷൻ ടെക്നോളജി എനേബിൾഡ് സർവീസസ്), ബി.എഫ്.എസ്.ഐ (ബാങ്കിംഗ് ഫിനാൻഷ്യൽ സർവീസസ് ആൻഡ് |

| | | | |
|---|---|---|---|
| | ലഭ്യമാക്കിയെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ; | | ഇൻഷുറൻസ്), മാനുഫാക്ച്ചറിങ്, റീട്ടേയ്ൽ, ലോജിസ്റ്റിക്സ്, ഹെൽത്ത് കെയർ തുടങ്ങി വിവിധ മേഖലകളിലായി രാജ്യത്തിനകത്തും പുറത്തുമായി വിവിധ തസ്തികകളിൽ ഇതു വരെ 40,80,114 തൊഴിലവസരങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. |
| (ഡി) | ചില കമ്പനികളിൽ നിയമനം ലഭിച്ച തൊഴിലാളികളുടെ സേവന വേതന വ്യവസ്ഥകൾ സംസ്ഥാനത്തെ മിനിമം കൂലിയേക്കാൾ കുറവാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) | രാജ്യത്ത് പ്രാബല്യത്തിലായ പുതിയ ലേബർ കോഡുകളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനത്തിന് പുറത്തുള്ള സ്ഥാപനങ്ങളിൽ സേവന വേതന വ്യവസ്ഥകൾ തീരുമാനിച്ചിരിക്കുന്നത്. വൈദേശിക ജോലികളിലുള്ള സേവന-വേതന വ്യവസ്ഥകൾ, സുരക്ഷിതത്വം എന്നിവ ഇ-മൈഗ്രന്റ് പോർട്ടൽ ഉപയോഗിച്ച് 1983ലെ ഇ-മൈഗ്രേഷൻ ആക്ട് പ്രകാരം ഉറപ്പ് വരുത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ